പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5127

02.07.2013 ൽ മറുപടി നല്കേണ്ടിയിരുന്നത്

## എമർജിംഗ് കേരള വഴി പാലക്കാട് സോളാർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് സോളാർ പദ്ധതി ആരംഭിക്കുന്നതിന് എമർജിംഗ് കേരള വഴി ഏതെങ്കിലും കമ്പനിയുമായി കരാറിലെത്തിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) എങ്കിൽ കമ്പനിയുമായി ഒപ്പിട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br><br>(സി) സോളാർ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ പ്രസ്തുത കമ്പനി വാങ്ങിക്കൂട്ടിയിട്ടുണ്ട്;<br><br>(ഡി) കമ്പനിയുടെ പദ്ധതി നിർദ്ദേശത്തിന്മേൽ അനെർട്ടിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ അനെർട്ടിന്റെ അഭിപ്രായം എന്തായിരുന്നു എന്ന് അറിയിക്കുമോ;<br><br>(ഇ) സോളാർ പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് കരാറിൽ ഉള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (ബി)യും (സി)യും (ഡി)യും (ഇ)യും<br>പാലക്കാട് 330 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി ആരംഭിക്കുന്നതിന് ഹാങ്ജോഗ് എനർജി ആന്റ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു കമ്പനിയുമായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് മന്ത്രിസഭായോഗം അനുമതി നല്കിയിരുന്നു. എന്നാൽ റിന്യൂവബിൾ എനർജി സ്രോതസ്സ് വഴിയായി 50 മെഗാവാട്ടും അതിൽ മുകളിലുള്ള പദ്ധതികളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി താല്പര്യപത്രം ക്ഷണിക്കുന്ന സമയത്തായിരുന്നു മേൽ കമ്പനിയുടെ പ്രപ്പോസൽ ലഭിച്ചത്. ആയതിനാൽ മത്സരാധിഷ്ഠിത റേറ്റാണോ കമ്പനി സമർപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നതിനായി മേൽ കമ്പനിയോടും താല്പര്യപത്രം (EOI) സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. മേൽ കമ്പനി സമർപ്പിച്ച താല്പര്യപത്രം കെ.എസ്.ഇ.ബി അംഗീകരിക്കുകയും ചെയ്തു. ആയതിനാൽ സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ നല്കി PPA ഒപ്പിടുന്നതിനായി കമ്പനിയ്ക്ക് (6+3) 9 മാസത്തെ സാവകാശം നല്കിയിരുന്നു. ഈ കാലാവധിയ്ക്കകത്ത് സ്ഥലത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ തുടർ നടപടികൾ കെ.എസ്.ഇ.ബി റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ